## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4822 1.7.2013 ലെ മറുപടിക്ക്

## പോലീസ് സേനയിലേക്കുള്ള റിക്രൂട്ട്മെന്റ്

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. എം. ഹംസ
ശ്രീ.ആർ. രാജേഷ്

**മറുപടി**

ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) പോലീസ് സേനയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സ്വതന്ത്രവും നീതിപൂർവ്വവുമാണെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (എ)യും, (ബി)യും) പോലീസ് സേനയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സ്വതന്ത്രവും നീതിപൂർവ്വവുമായാണ് നടത്തുന്നത്. എന്നാൽ അടുത്ത കാലത്തു നടന്ന സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള കായികക്ഷമതാ പരീക്ഷയിൽ ക്രമക്കേടുനടന്നതായുള്ള ചില പരാതികൾ സർക്കാരിന് ലഭിച്ചിരുന്നു. പോലീസ് സേനയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് പൂർണ്ണമായും കേരളാ പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയന്ത്രണത്തിലായതിനാൽ, ഇതു സംബന്ധിച്ച പരാതികൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് പരാതിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പി.എസ്.സിയുടെ കായികക്ഷമതാ പരീക്ഷയിൽ ഉണ്ടായതായ ക്രമക്കേടുകളെയും ആക്ഷേപങ്ങളെയും കുറിച്ച് അന്വേഷിക്കുമോ? | |

സെക്ഷൻ ഓഫീസർ